**മൂപ്പന്മാർക്കും ഉത്തരവാദിത്തപ്പെട്ട സഹോദരന്മാർക്കും വേണ്ടിയുള്ള**

**അന്തർദേശീയ പരിശീലനം**

ഏപ്രിൽ 2024

# ദൈവത്തിന്റെ വ്യവസ്ഥയുടെ നിസ്തുല ശുശ്രൂഷയിലുള്ള നമ്മുടെ ശുശ്രൂഷ പൂർണമായി നിർവഹിക്കുന്നതിന് ക്രിസ്തുയേശുവിലുള്ള കൃപയിൽ ശക്തിപ്പെട്ടുകൊണ്ട്, മാനത്തിനായുള്ള ഒരു പാത്രം, പൂർണമായി സജ്ജമാക്കപ്പെട്ട ഒരു ദൈവത്തിന്റെ മനുഷ്യൻ, ആയിരിക്കുക

ദൂത് 5

## ദൈവത്തിന്റെ ശ്വാസമെന്ന നിലയിൽ ദൈവവചനം ശ്വസിക്കുകയും നിശ്വസിക്കുകയും ചെയ്തുകൊണ്ട് പൂർണമായി സജ്ജമാക്കപ്പെട്ട ഒരു ദൈവമനുഷ്യനായിരിക്കുന്നത്

തിരുവെഴുത്ത് വായന:2തിമൊ.3:14-17

2 തിമൊ. 3:14 എന്നാൽ നീ പഠിച്ചതും നിശ്ചയം പ്രാപിച്ചതുമായ കാര്യങ്ങളിൽ തുടരുക, അവ ആരിൽനിന്നു നീ പഠിച്ചു എന്ന് അറിഞ്ഞുകൊണ്ട് തന്നെ,

2 തിമൊ. 3:15 ശൈശവം മുതൽ നീ പവിത്രമായ എഴുത്തുകൾ അറിഞ്ഞിരിക്കുന്നു, അവ നിന്നെ ക്രിസ്തു യേശുവിലുള്ള വിശ്വാസത്തിലൂടെ രക്ഷയിങ്കലേക്ക് ജ്ഞാനമുള്ളവനാക്കുവാൻ പ്രാപ്തമാകുന്നു.

2 തിമൊ. 3:16 എല്ലാ തിരുവെഴുത്തും ദൈവശ്വാസീയവും, ദൈവത്തിന്റെ മനുഷ്യൻ, സകല സൽപ്രവൃത്തിക്കും പൂർണമായി സജ്ജമാക്കപ്പെട്ടവനായി തികഞ്ഞവനാകേണ്ടതിന്,

2 തിമൊ. 3:17 ഉപദേശത്തിനും, കുറ്റം ബോധ്യപ്പെടുത്തുന്നതിനും, തിരുത്തലിനും, നീതിയിലുള്ള നിർദേശത്തിനും പ്രയോജനമുള്ളതാകുന്നു.

**I. ദൈവത്തിന്റെ ആത്യന്തിക ഉദ്ദേശ്യം അവന്റെ സംഘാതആവിഷ്കാരത്തിനായി ഒരു സംഘാത ദൈവ-മനുഷ്യനെ നേടുക എന്നതാണ്; ദൈവം ആഗ്രഹിക്കുന്നത് ഒരു നല്ല മനുഷ്യനെയല്ല, മറിച്ച് ഒരു ദൈവമനുഷ്യനെ, ദൈവത്തിന്റെ ശ്വാസമുള്ള ഒരു ദൈവമനുഷ്യനെയാണ്—യോഹ. 1:1, 14; 1 തിമൊ. 3:15-16; 2 തിമൊ. 3:16-17:**

യോഹ. 1:1 ആദിയിൽ വചനം ഉണ്ടായിരുന്നു, വചനം ദൈവത്തോടുകൂടെ ആയിരുന്നു, വചനം ദൈവം ആയിരുന്നു.

യോഹ. 1:14 വചനം ജഡമായിത്തീർന്നു, കൃപയും യാഥാർഥ്യവും നിറഞ്ഞവനായി, നമ്മുടെ ഇടയിൽ കൂടാരമടിച്ചു, (ഞങ്ങൾ അവന്റെ തേജസ്സിനെ, പിതാവിൽനിന്ന് ഏകജാതനായവന്റെ തേജസ്സായി കണ്ടു).

1 തിമൊ. 3:15 എന്നാൽ ഞാൻ താമസിച്ചുപോയാൽ, സത്യത്തിന്റെ തൂണും അടിസ്ഥാനവുമായ, ജീവനുള്ള ദൈവത്തിന്റെ സഭയാകുന്ന ദൈവ ഭവനത്തിൽ ഒരുവൻ തന്നെത്താൻ നടത്തേണ്ടത് എങ്ങനെ എന്ന് നീ അറിയേണ്ടതിനു ഞാൻ എഴുതുന്നു.

1 തിമൊ. 3:16 സമ്മതമാംവണ്ണം, ദൈവികതയുടെ മർമം വലിയതാകുന്നു: അവൻ ജഡത്തിൽ വെളിപ്പെട്ടു, ആത്മാവിൽ നീതീകരിക്കപ്പെട്ടു, ദൂതന്മാരാൽ കാണപ്പെട്ടു, ജാതികളുടെ ഇടയിൽ പ്രസംഗിക്കപ്പെട്ടു, ലോകത്തിൽ വിശ്വസിക്കപ്പെട്ടു, തേജസ്സിൽ എടുക്കപ്പെട്ടു.

2 തിമൊ. 3:16 എല്ലാ തിരുവെഴുത്തും ദൈവശ്വാസീയവും, ദൈവത്തിന്റെ മനുഷ്യൻ, സകല സൽപ്രവൃത്തിക്കും പൂർണമായി സജ്ജമാക്കപ്പെട്ടവനായി തികഞ്ഞവനാകേണ്ടതിന്,

2 തിമൊ. 3:17 ഉപദേശത്തിനും, കുറ്റം ബോധ്യപ്പെടുത്തുന്നതിനും, തിരുത്തലിനും, നീതിയിലുള്ള നിർദേശത്തിനും പ്രയോജനമുള്ളതാകുന്നു.

A. "യഹോവയായ ദൈവം നിലത്തെ പൊടികൊണ്ട് മനുഷ്യനെ നിർമിച്ചിട്ട് അവന്റെമൂക്കിൽ ജീവശ്വാസം ഊതി, മനുഷ്യൻ ജീവനുള്ള ദേഹിയായി തീർന്നു"—ഉല്പ.2:7:

1. മനുഷ്യന്റെ ശരീരത്തിലേക്ക് ഊതിയ ജീവശ്വാസം മനുഷ്യന്റെ ആത്മാവ്, മനുഷ്യാത്മാവായിത്തീർന്നു—സദൃ. 20:27; ഇയ്യോ. 32:8.

   സദൃ. 20:27 മനുഷ്യന്റെ ആത്മാവു യഹോവയുടെ ദീപം; അതു ഉദരത്തിന്റെ അറകളെ ഒക്കെയും ശോധനചെയ്യുന്നു.

   ഇയ്യോ. 32:8 എന്നാൽ മനുഷ്യരിൽ ആത്മാവുണ്ടല്ലോ; സർവ്വശക്തന്റെ ശ്വാസം അവർക്കു വിവേകം നല്കുന്നു.

2. മനുഷ്യന്റെ ശരീരത്തിലേക്ക് ഊതിയ ജീവശ്വാസം ദൈവത്തിന്റെ നിത്യജീവനോ ദൈവത്തിന്റെ ആത്മാവോ ആയിരുന്നില്ല, എന്നാൽ ദൈവത്തിന്റെ ജീവശ്വാസത്തിൽ നിന്ന് മനുഷ്യാത്മാവ് പുറത്തുവന്നതിനാൽ, അത് ദൈവത്തിന്റെ ആത്മാവിനോട് വളരെ സാമ്യമുള്ളതാണ്—പ്ര.നി. ഉല്പ.2:7-9.

   ഉല്പ. 2:7 യഹോവയായ ദൈവം നിലത്തെ പൊടികൊണ്ടു മനുഷ്യനെ നിർമ്മിച്ചിട്ടു അവന്റെ മൂക്കിൽ ജീവശ്വാസം ഊതി, മനുഷ്യൻ ജീവനുള്ള ദേഹിയായി തീർന്നു.

   ഉല്പ. 2:8 അനന്തരം യഹോവയായ ദൈവം കിഴക്കു ഏദെനിൽ ഒരു തോട്ടം ഉണ്ടാക്കി, താൻ സൃഷ്ടിച്ച മനുഷ്യനെ അവിടെ ആക്കി.

   ഉല്പ. 2:9 കാണ്മാൻ ഭംഗിയുള്ളതും തിന്മാൻ നല്ല ഫലമുള്ളതുമായ ഓരോ വൃക്ഷങ്ങളും തോട്ടത്തിന്റെ നടുവിൽ ജീവവൃക്ഷവും നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷവും യഹോവയായ ദൈവം നിലത്തുനിന്നു മുളെപ്പിച്ചു.

3. അങ്ങനെ, ആത്മാവായ ദൈവത്തിനും മനുഷ്യന്റെ ആത്മാവിനും ഇടയിൽ ഒരു പ്രസരണം ഉണ്ടായിരിക്കുവാൻ കഴിയും, കൂടാതെ മനുഷ്യാത്മാവിന് ദൈവത്തെ ബന്ധപ്പെടുവാനും ദൈവവുമായി ഒന്നാകുവാനും കഴിയും—റോമ.8:16; 1 കൊരി. 6:17.

   റോമ. 8:16 നാം ദൈവമക്കളാകുന്നു എന്ന് ആത്മാവുതാനും നമ്മുടെ ആത്മാവോടുകൂടെ സാക്ഷ്യപ്പെടുത്തുന്നു.

   1 കൊരി. 6:17 എന്നാൽ കർത്താവിനോടു പറ്റിച്ചേരുന്നവൻ അവനുമായി ഏകാത്മാവ് ആകുന്നു.

B. "അവൻ അവരിലേക്ക് ഊതി, അവരോട്, പരിശുദ്ധ ന്യൂമയെ കൈക്കൊള്ളുവിൻ എന്നു പറഞ്ഞ"—യോഹ. 20:22 (മൂലഭാഷ):

യോഹ. 20:22 ഇതു പറഞ്ഞശേഷം അവൻ അവരിലേക്ക് ഊതി, അവരോട്, പരിശുദ്ധാത്മാവിനെ കൈക്കൊള്ളുവിൻ.

1. പരിശുദ്ധ ന്യൂമ പരിശുദ്ധ ആത്മാവ്, അഥവാ പരിശുദ്ധശ്വാസമാണ്.
2. യോഹന്നാന്റെ സുവിശേഷത്തിൽ മൂന്ന് അത്ഭുതകരമായ വാക്കുകൾ ഉണ്ട്: *വചനം, ജഡം, ശ്വാസം*; വചനം ദൈവവും, ജഡം മനുഷ്യനും, ശ്വാസം ആത്മാവുമാണ്—1:1,14;20:22.

   യോഹ. 1:1 ആദിയിൽ വചനം ഉണ്ടായിരുന്നു, വചനം ദൈവത്തോടുകൂടെ ആയിരുന്നു, വചനം ദൈവം ആയിരുന്നു.

യോഹ. 1:14 വചനം ജഡമായിത്തീർന്നു, കൃപയും യാഥാർഥ്യവും നിറഞ്ഞവനായി, നമ്മുടെ ഇടയിൽ കൂടാരമടിച്ചു, (ഞങ്ങൾ അവന്റെ തേജസ്സിനെ, പിതാവിൽനിന്ന് ഏകജാതനായവന്റെ തേജസ്സായി കണ്ടു).

യോഹ. 20:22 ഇതു പറഞ്ഞശേഷം അവൻ അവരിലേക്ക് ഊതി, അവരോട്, പരിശുദ്ധാത്മാവിനെ കൈക്കൊള്ളുവിൻ.

3. വചനം നൈതിക വീണ്ടെടുപ്പ് നിവർത്തിക്കുവാൻ ജഡമായിത്തീർന്നു, തുടർന്ന് നമ്മുടെ ജൈവിക രക്ഷയ്ക്കായി നമ്മിൽ വസിക്കുകയും നമുക്ക് ജീവസഹായം നൽകുകയും ചെയ്യുന്ന വിശുദ്ധ ശ്വാസമായിത്തീരുവാൻ ഉയിർത്തെഴുന്നേറ്റു—1:14, 29; 1 കൊരി.15:45; റോമ.5:10; 10:12-13; പ്ര.നി. വിലാ.3:55-56.

യോഹ. 1:14 വചനം ജഡമായിത്തീർന്നു, കൃപയും യാഥാർഥ്യവും നിറഞ്ഞവനായി, നമ്മുടെ ഇടയിൽ കൂടാരമടിച്ചു, (ഞങ്ങൾ അവന്റെ തേജസ്സിനെ, പിതാവിൽനിന്ന് ഏകജാതനായവന്റെ തേജസ്സായി കണ്ടു).

യോഹ. 1:29 പിറ്റെന്നാൾ യേശു തന്റെ അടുക്കലേക്ക് വരുന്നത് കണ്ടിട്ട് അവൻ പറഞ്ഞു, ഇതാ, ലോകത്തിന്റെ പാപത്തെ നീക്കിക്കളയുന്ന ദൈവത്തിന്റെ കുഞ്ഞാട്!

1 കൊരി. 15:45 അങ്ങനെ, "ഒന്നാം മനുഷ്യനായ ആദാം ജീവനുള്ള ദേഹി ആയിത്തീർന്നു" എന്ന് എഴുതിയിരിക്കുന്നു; ഒടുക്കത്തെ ആദാം ജീവൻനൽകുന്ന ആത്മാവ് ആയിത്തീർന്നു.

റോമ. 5:10 ശത്രുക്കളായിരിക്കുമ്പോൾത്തന്നെ, നമുക്ക് അവന്റെ പുത്രന്റെ മരണത്തിലൂടെ ദൈവത്തോട് നിരപ്പ് വന്നു എങ്കിൽ, നിരന്ന ശേഷം, നാം അവന്റെ, ജീവനിൽ എത്ര അധികമായി രക്ഷിക്കപ്പെടും,

റോമ. 10:12 യെഹൂദനും യവനനും തമ്മിൽ യാതൊരു വ്യത്യാസവും ഇല്ല, ഒരേ കർത്താവുതന്നെ എല്ലാവരുടെയും കർത്താവും, അവനെ വിളിച്ചപേക്ഷിക്കുന്ന എല്ലാവർക്കും സമ്പന്നനും ആകുന്നു;

റോമ. 10:13 "കർത്താവിന്റെ നാമത്തെ വിളിച്ചപേക്ഷിക്കുന്ന ഏവനും രക്ഷിക്കപ്പെടും."

വിലാ. 3:55 യഹോവേ, ഞാൻ ആഴമുള്ള കുണ്ടറയിൽനിന്നു നിന്റെ നാമത്തെ വിളിച്ചപേക്ഷിച്ചിരിക്കുന്നു.

വിലാ. 3:56 എന്റെ നെടുവീർപ്പിന്നും എന്റെ നിലവിളിക്കും ചെവി പൊത്തിക്കളയരുതേ എന്നുള്ള എന്റെ പ്രാർത്ഥന നീ കേട്ടിരിക്കുന്നു.

C. "എല്ലാ തിരുവെഴുത്തും ദൈവശ്വാസീയമാകുന്നു"—2തിമൊ.3:16:

1. ദൈവവചനമായ തിരുവെഴുത്ത് ദൈവത്തിന്റെ ഉച്ഛ്വാസമാണ്.
2. ദൈവത്തിന്റെ സംസാരം ദൈവത്തിന്റെ ഉച്ഛ്വാസമാണ്; അതിനാൽ, അവന്റെ വചനം ആത്മാവ് അഥവാ ശ്വാസമാണ്—യോഹ. 6:63.

യോഹ. 6:63 ജീവൻ നൽകുന്നത് ആത്മാവാകുന്നു; മാംസം ഒന്നിനും പ്രയോജനപ്പെടുന്നില്ല; ഞാൻ നിങ്ങളോടു സംസാരിച്ചിരിക്കുന്ന വചനങ്ങൾ ആത്മാവും ജീവനും ആകുന്നു.

D. ഇതെല്ലാം വെളിപ്പെടുത്തുന്നത് ദൈവത്തിന്റെ ശ്വാസത്താൽ പൂർണമായി സജ്ജമാക്കപ്പെട്ട ഒരു ദൈവത്തിന്റെ മനുഷ്യനായിരിക്കുന്നതിന് നമ്മുടെ ആത്മാവിന്റെ വ്യായാമവും, ആത്മാവിനെ നിരന്തരം സ്വീകരിക്കുന്നതും ദൈവവചനത്തെ

ശ്വസിക്കുന്നതും ആവശ്യമാകുന്നു എന്നാണ്—1 തിമൊ. 4:7; ഗലാ. 3:2; എഫെ. 6:17-18.

1 തിമൊ. 4:7 എന്നാൽ അശുദ്ധമായ കിഴവിക്കഥകളെ നിരസിച്ച്, നിന്നെത്തന്നെ ദൈവികതയിങ്കലേക്ക് അഭ്യസിപ്പിക്കുക.

ഗലാ. 3:2 ഇതു മാത്രം നിങ്ങളിൽനിന്ന് അറിയുവാൻ ഞാൻ ഇച്ഛിക്കുന്നു, ന്യായപ്രമാണത്തിന്റെ പ്രവൃത്തികളാലോ വിശ്വാസത്തിന്റെ കേൾവിയാലോ നിങ്ങൾക്ക് ആത്മാവിനെ ലഭിച്ചത്?

എഫെ. 6:17 രക്ഷയുടെ ശിരസ്ത്രവും ആത്മാവിന്റെ വാളും കൈക്കൊള്ളുവിൻ, ആ ആത്മാവ് ദൈവവചനം ആകുന്നു,

എഫെ. 6:18a സകല പ്രാർഥനയും അപേക്ഷയും മുഖാന്തരം, ഏത് നേരത്തും ആത്മാവിൽ പ്രാർഥിച്ചും,...

**II. ദൈവത്തിന്റെ മനുഷ്യൻ സകല സൽപ്രവൃത്തിക്കും പൂർണമായി സജ്ജമാക്കപ്പെട്ടവനായി തികഞ്ഞവനാകേണ്ടതിന്, ഉപദേശത്തിനും, കുറ്റം ബോധ്യപ്പെടുത്തുന്നതിനും തിരുത്തലിനും നീതിയിലുള്ള നിർദേശത്തിനും ദൈവവശ്വാസീമായ തിരുവെഴുത്ത് പ്രയോജനമുള്ളതാകുന്നു—2 തിമൊ. 3:14-17:**

2 തിമൊ. 3:14 എന്നാൽ നീ പഠിച്ചതും നിശ്ചയം പ്രാപിച്ചതുമായ കാര്യങ്ങളിൽ തുടരുക, അവ ആരിൽനിന്നു നീ പഠിച്ചു എന്ന് അറിഞ്ഞുകൊണ്ട് തന്നെ,

2 തിമൊ. 3:15 ശൈശവം മുതൽ നീ പവിത്രമായ എഴുത്തുകൾ അറിഞ്ഞിരിക്കുന്നു, അവ നിന്നെ ക്രിസ്തു യേശുവിലുള്ള വിശ്വാസത്തിലൂടെ രക്ഷയിങ്കലേക്ക് ജ്ഞാനമുള്ളവനാക്കുവാൻ പ്രാപ്തമാകുന്നു.

2 തിമൊ. 3:16 എല്ലാ തിരുവെഴുത്തും ദൈവശ്വാസീയവും, ദൈവത്തിന്റെ മനുഷ്യൻ, സകല സൽപ്രവൃത്തിക്കും പൂർണമായി സജ്ജമാക്കപ്പെട്ടവനായി തികഞ്ഞവനാകേണ്ടതിന്,

2 തിമൊ. 3:17 ഉപദേശത്തിനും, കുറ്റം ബോധ്യപ്പെടുത്തുന്നതിനും, തിരുത്തലിനും, നീതിയിലുള്ള നിർദേശത്തിനും പ്രയോജനമുള്ളതാകുന്നു.

A. ബൈബിൾ ദൈവത്തിന്റെ ശ്വാസമാണ്, ഈ ശ്വാസം ആത്മാവാണ്, ആത്മാവ് ജീവൻ നൽകുന്നു—യോഹ. 6:63:

യോഹ. 6:63 ജീവൻ നൽകുന്നത് ആത്മാവാകുന്നു; മാംസം ഒന്നിനും പ്രയോജനപ്പെടുന്നില്ല; ഞാൻ നിങ്ങളോടു സംസാരിച്ചിരിക്കുന്ന വചനങ്ങൾ ആത്മാവും ജീവനും ആകുന്നു.

1. നമ്മുടെ വേദപുസ്തക വായന ജീവൻ പ്രാപിക്കാൻ ദൈവത്തെ ശ്വസിക്കുന്നതായിരിക്കണം, നമ്മുടെ വേദപുസ്തക പഠിപ്പിക്കൽ ജീവൻ പകരുന്നതിന് ദൈവത്തെ ഉച്ഛ്വസിക്കുന്നതായിരിക്കണം—പ്രവൃ.6:4.

   പ്രവൃ. 6:4 എന്നാൽ ഞങ്ങൾ പ്രാർഥനയിലും വചന ശുശ്രൂഷയിലും ദൃഢചിത്തരായി തുടരും.

2. പൂർണ സജ്ജനായ ഒരു ദൈവത്തിന്റെ മനുഷ്യൻ ദൈവത്തെ ശ്വസിക്കുവാൻ ആത്മാവിൽ സകല പ്രാർഥനയും അപേക്ഷയും മുഖാന്തരം ബൈബിൾ വായിക്കുകയും ദൈവത്തെ മറ്റുള്ളവരിലേക്ക് ഉച്ഛ്വസിക്കുവാൻ വചനത്തെ ആത്മാവായി ശുശ്രൂഷിക്കുകയും ചെയ്യുന്നു—എഫെ. 6:17-18; പ്രവൃ. 6:10; 2 കൊരി. 3:6.

   എഫെ. 6:17 രക്ഷയുടെ ശിരസ്ത്രവും ആത്മാവിന്റെ വാളും കൈക്കൊള്ളുവിൻ, ആ ആത്മാവ് ദൈവവചനം ആകുന്നു,

   എഫെ. 6:18a സകല പ്രാർഥനയും അപേക്ഷയും മുഖാന്തരം, ഏത്

നേരത്തും ആത്മാവിൽ പ്രാർഥിച്ചും...,

പ്രവൃ. 6:10 എങ്കിലും അവർക്ക് അവൻ സംസാരിച്ച ജ്ഞാനത്തോടും ആത്മാവിനോടും ചെറുത്തുനിൽക്കുവാൻ കഴിഞ്ഞില്ല.

2 കൊരി. 3:6 അവൻ ഞങ്ങളെ പുതിയ ഉടമ്പടിയുടെ ശുശ്രൂഷക്കാരായി പര്യാപ്തരാക്കിയിരിക്കുന്നു, അക്ഷരത്തിന്റെയല്ല ആത്മാവിന്റെ ശുശ്രൂഷക്കാരത്രേ; അക്ഷരം കൊല്ലുന്നു, ആത്മാവോ ജീവൻ നൽകുന്നു..

B. ദൈവത്തിന്റെ വശത്ത്, ബൈബിൾ ദൈവത്തിന്റെ ശ്വാസമാണ്; നമ്മുടെ ഭാഗത്ത്, ബൈബിൾ ഉപദേശത്തിനും, കുറ്റം ബോധ്യപ്പെടുത്തുന്നതിനും, തിരുത്തലിനും, നീതിയിലുള്ള നിർദേശത്തിനും എന്ന നാല് കാര്യങ്ങളിൽ നമ്മുടെ ലാഭത്തിനായി ദൈവത്തിന്റെ ശ്വാസം സ്വീകരിക്കുന്നതിനാണ്:

1. ഉപദേശിക്കുന്നത് വെളിപാടിന് തുല്യമാണ്; ഉപദേശിക്കുക എന്നാൽ മറ്റുള്ളവർക്ക് ത്രിയേക ദൈവത്തെയും അവന്റെ വ്യവസ്ഥയെയും കുറിച്ച് എന്തെങ്കിലും കാണുന്നതിന് മൂടുപടം നീക്കുന്നതാണ്—എഫെ.1:17;3:9.

എഫെ. 1:17 നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ ദൈവവും, തേജസ്സിന്റെ പിതാവുമായവൻ, തന്നെക്കുറിച്ചുള്ള പൂർണ പരിജ്ഞാനത്തിൽ നിങ്ങൾക്ക് ജ്ഞാനത്തിന്റെയും വെളിപാടിന്റെയും ആത്മാവിനെ തരേണ്ടതിനും,

എഫെ. 3:9 സർവവും സൃഷ്ടിച്ച ദൈവത്തിൽ യുഗങ്ങൾ ഉടനീളം മറഞ്ഞു കിടന്ന മർമത്തിന്റെ വ്യവസ്ഥ എന്തെന്ന് കാണേണ്ടതിന് എല്ലാവരെയും പ്രകാശിപ്പിക്കുവാനും ഈ കൃപ നൽകപ്പെട്ടു,

2. നാം കണ്ട വെളിപാടിൽ നിന്നാണ് ബോധ്യം വരുന്നത്; ദൈവത്തിന്റേതായ ചിലത് നാം കാണുമ്പോഴെല്ലാം, നമ്മുടെ തെറ്റുകൾ, അധർമങ്ങൾ, കുറവുകൾ, പാപങ്ങൾ എന്നിവ നാം തിരിച്ചറിയുന്നു, അതിന്റെ ഫലമായി നാം ബോധ്യപ്പെടുത്തപ്പെടുകയും ശാസിക്കപ്പെടുകയും ചെയ്യുന്നു; നാം എത്രയധികം ദൈവത്തെ കാണുകയും ദൈവത്തെ അറിയുകയും ദൈവത്തെ സ്നേഹിക്കുകയും ചെയ്യുന്നുവോ അത്രയധികം നാം നമ്മെത്തന്നെ വെറുക്കുകയും തന്നെത്താൻ ത്യജിക്കുകയും ചെയ്യുന്നു—പ്ര.നി. യെശ. 6:1-8; ഇയ്യോ. 42:5-6; മത്താ. 16:24.

യെശ. 6:1 ഉസ്സീയാരാജാവു മരിച്ച ആണ്ടിൽ കർത്താവു, ഉയർന്നും പൊങ്ങിയുമുള്ള സിംഹാസനത്തിൽ ഇരിക്കുന്നതു ഞാൻ കണ്ടു; അവന്റെ വസ്ത്രത്തിന്റെ വിളുമ്പുകൾ മന്ദിരത്തെ നിറച്ചിരുന്നു.

യെശ. 6:2 സാറാഫുകൾ അവന്നു ചുറ്റും നിന്നു; ഓരോരുത്തന്നു ആറാറു ചിറകുണ്ടായിരുന്നു; രണ്ടുകൊണ്ടു അവർ മൂഖം മൂടി; രണ്ടുകൊണ്ടു കാൽ മൂടി; രണ്ടുകൊണ്ടു പറന്നു.

യെശ. 6:3 ഒരുത്തനോടു ഒരുത്തൻ; സൈന്യങ്ങളുടെ യഹോവ പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ; സർവ്വഭൂമിയും അവന്റെ മഹത്വംകൊണ്ടു നിറഞ്ഞിരിക്കുന്നു എന്നു ആർത്തു പറഞ്ഞു.

യെശ. 6:4 അവർ ആർക്കുന്ന ശബ്ദത്താൽ ഉമ്മരപ്പടികളുടെ അടിസ്ഥാനങ്ങൾ കുലുങ്ങി ആലയം പുകകൊണ്ടു നിറഞ്ഞു.

യെശ. 6:5 അപ്പോൾ ഞാൻ: എനിക്കു അയ്യോ കഷ്ടം; ഞാൻ നശിച്ചു; ഞാൻ ശുദ്ധിയില്ലാത്ത അധരങ്ങൾ ഉള്ളോരു മനുഷ്യൻ; ശുദ്ധിയില്ലാത്ത അധരങ്ങൾ ഉള്ള ജനത്തിന്റെ നടുവിൽ വസിക്കുന്നു; എന്റെ കണ്ണു സൈന്യങ്ങളുടെ യഹോവയായ

രാജാവിനെ കണ്ടുവല്ലോ എന്നു പറഞ്ഞു.

യെശ. 6:6 അപ്പോൾ സാറാഫുകളിൽ ഒരുത്തൻ യാഗപീഠത്തിൽനിന്നു കൊടിൽകൊണ്ടു ഒരു തീക്കനൽ എടുത്തു കയ്യിൽ പിടിച്ചുകൊണ്ടു എന്റെ അടുക്കൽ പറന്നുവന്നു,

യെശ. 6:7 അതു എന്റെ വായ്ക്കു തൊടുവിച്ചു: ഇതാ, ഇതു നിന്റെ അധരങ്ങളെ തൊട്ടതിനാൽ നിന്റെ അകൃത്യം നീങ്ങി നിന്റെ പാപത്തിന്നു പരിഹാരം വന്നിരിക്കുന്നു എന്നു പറഞ്ഞു.

യെശ. 6:8 അനന്തരം ഞാൻ ആരെ അയക്കേണ്ടു? ആർ നമുക്കു വേണ്ടി പോകും? എന്നു ചോദിക്കുന്ന കർത്താവിന്റെ ശബ്ദം കേട്ടിട്ടു: അടിയൻ ഇതാ അടിയനെ അയക്കേണമേ എന്നു ഞാൻ പറഞ്ഞു.

ഇയ്യോ. 42:5 ഞാൻ നിന്നെക്കുറിച്ചു ഒരു കേൾവി മാത്രമേ കേട്ടിരുന്നുള്ളു; ഇപ്പോഴോ, എന്റെ കണ്ണാൽ നിന്നെ കാണുന്നു.

ഇയ്യോ. 42:6 ആകയാൽ ഞാൻ എന്നെത്തന്നേ വെറുത്തു പൊടിയിലും ചാരത്തിലും കിടന്നു അനുതപിക്കുന്നു.

മത്താ. 16:24 അപ്പോൾ യേശു തന്റെ ശിഷ്യന്മാരോടു പറഞ്ഞു, ആരെങ്കിലും എന്റെ പിന്നാലെ വരുവാൻ ഇച്ഛിച്ചാൽ, അവൻ തന്നെത്താൻ ത്യജിച്ച്, തന്റെ ക്രൂശെടുത്ത്, എന്നെ അനുഗമിക്കട്ടെ.

3. ബോധ്യപ്പെടുത്തലിനു പിന്നാലെ തിരുത്തൽ വരുന്നു, അത് തെറ്റായതിനെ ശരിയാക്കുന്നതിന്റെയും, ഒരാളെ ശരിയായ വഴിയിലേക്ക് തിരിക്കുന്നതിന്റെയും, ഒരു വ്യക്തിയെ നേരായ അവസ്ഥയിലേക്ക് പുനഃസ്ഥാപിക്കുന്നതിന്റെയും വിഷയമാണ്—പ്ര.നി. 7:13-14; യാക്കോ. 5:19-20.

മത്താ. 7:13 ഇടുക്കമുള്ള കവാടത്തിലൂടെ അകത്തു പ്രവേശിക്കുവിൻ; എന്തെന്നാൽ നാശത്തിലേക്കു നയിക്കുന്ന കവാടം വീതിയുള്ളതും വഴി വിശാലവും, അതിൽകൂടി പ്രവേശിക്കുന്നവർ അനേകരും ആകുന്നു.

മത്താ. 7:14 ജീവനിലേക്കു നയിക്കുന്ന കവാടം ഇടുക്കമുള്ളതും വഴി ഞെരുക്കവും ആയതിനാൽ, അതിനെ കണ്ടെത്തുന്നവർ ചുരുക്കം ആകുന്നു.

യാക്കോ. 5:19 എന്റെ സഹോദരന്മാരേ, നിങ്ങളുടെ ഇടയിൽ ആരെങ്കിലും സത്യത്തിൽനിന്നു വഴിതെറ്റിപ്പോകുകയും ഒരുവൻ അവനെ തിരിച്ചുകൊണ്ടുവരുകയും ചെയ്താൽ,

യാക്കോ. 5:20 ഒരു പാപിയെ തന്റെ തെറ്റായ പാതയിൽ നിന്ന് തിരിച്ചുകൊണ്ടുവരുന്നവൻ അവന്റെ ദേഹിയെ മരണത്തിൽനിന്നു രക്ഷിക്കുകയും പാപങ്ങളുടെ ബഹുത്വം മറയ്ക്കുകയും ചെയ്യും എന്ന് അവൻ അറിഞ്ഞുകൊള്ളട്ടെ..

4. ക്രിസ്തുവിനെ നമ്മുടെ ജീവിച്ചു വെളിപ്പെടുത്തുന്ന നീതിയായി ആസ്വദിക്കുന്നതിന് ദിവ്യമായി നിർദേശിക്കപ്പെടുന്നതും ദൈവത്തോടും മനുഷ്യരോടും നേരുള്ളവരാകുവാൻ ദിവ്യമായി ശിക്ഷണമേൽക്കുന്നതുമാണ് നീതിയിലുള്ള നിർദേശം—ഫിലി. 3:9.

ഫിലി. 3:9 അവനിൽ കാണപ്പെടേണ്ടതിനും, ന്യായപ്രമാണത്തിൽ നിന്നുള്ള എന്റെ സ്വന്ത നീതിയല്ല, ക്രിസ്തുവിലുള്ള വിശ്വാസം മുഖാന്തരം, വിശ്വാസത്തെ ആധാരമാക്കി ദൈവത്തിൽ നിന്നുള്ള നീതി ഉണ്ടായിട്ട്,

C. ഉപദേശത്തിനും, കുറ്റം ബോധ്യപ്പെടുത്തുന്നതിനും, തിരുത്തലിനും,

നീതിയിലുള്ള നിർദേശത്തിനും തിരുവെഴുത്തിലൂടെ ദൈവം തന്നെത്തന്നെ ശ്വസിക്കുന്നതിന്റെ ഫലം, ദൈവത്തിന്റെ മനുഷ്യൻ, സകല സൽപ്രവൃത്തിക്കും പൂർണമായി സജ്ജമാക്കപ്പെട്ടവനായി തികഞ്ഞവനായിത്തീരുന്നതാണ്—2 തിമൊ. 3:17:

2 തിമൊ. 3:17 ഉപദേശത്തിനും, കുറ്റം ബോധ്യപ്പെടുത്തുന്നതിനും, തിരുത്തലിനും, നീതിയിലുള്ള നിർദേശത്തിനും പ്രയോജനമുള്ളതാകുന്നു..

1. ദൈവത്തിന്റെ മനുഷ്യൻ ഒരു ദൈവമനുഷ്യൻ, ദൈവത്തിന്റെ ജീവനിലും പ്രകൃതത്തിലും പങ്കുകൊള്ളുന്ന ഒരുവനാണ് (യോഹ. 1:12-13; 2 പത്രൊ. 1:4), അങ്ങനെ, അവന്റെ ജീവനിലും പ്രകൃതത്തിലും ദൈവവുമായി ഒന്നായിരിക്കുന്നതിലൂടെ (1 കൊരി. 6:17) ദൈവത്തെ ആവിഷ്കരിക്കുന്നു.

   യോഹ. 1:12 എന്നാൽ അവനെ സ്വീകരിച്ചവർക്ക് അത്രയും, അവന്റെ നാമത്തിലേക്കു വിശ്വസിച്ചവർക്കുതന്നെ, ദൈവമക്കൾ ആകുവാൻ അവൻ അധികാരം നൽകി,

   യോഹ. 1:13 അവർ രക്തത്തിൽ നിന്നല്ല, ജഡത്തിന്റെ ഹിതത്തിൽ നിന്നല്ല, മനുഷ്യന്റെ ഹിതത്തിൽ നിന്നുമല്ല, ദൈവത്തിൽ നിന്നത്രേ ജനിച്ചത്.

   2 പത്രൊ. 1:4 അവയിലൂടെ അവൻ നമുക്ക് വിലയേറിയതും അതിമഹത്തരവുമായ വാഗ്ദത്തങ്ങൾ നൽകിയിരിക്കുന്നു, ഇവയാൽ നിങ്ങൾ, ലോകത്തിൽ മോഹത്താലുള്ള ദൂഷ്യത്തിൽനിന്ന് രക്ഷപ്പെട്ട്, ദിവ്യസ്വഭാവത്തിന്റെ പങ്കാളികളായിത്തീരേണ്ടതിനു തന്നെ.

   1 കൊരി. 6:17 എന്നാൽ കർത്താവിനോടു പറ്റിച്ചേരുന്നവൻ അവനുമായി ഏകാത്മാവ് ആകുന്നു.

2. ദൈവത്തിന്റെ ശ്വസനം ദൈവ-മനുഷ്യരെ ഉളവാക്കുന്നു; വെളിപാടും ബോധ്യപ്പെടലുംതിരുത്തലും നീതിയിലുള്ള നിർദേശവും ലഭിക്കുന്നതിന് പ്രാർഥനയോടെ തിരുവെഴുത്ത് വായിച്ചുകൊണ്ട് നാം ത്രിയേകദൈവത്തെ നിരന്തരം ശ്വസിച്ചുകൊണ്ടിരിക്കണം.

**III. ദൈവത്താൽ സംരചിക്കപ്പെടേണ്ടതിന് ദൈവത്തിന്റെ വചനം ദൈവത്തിന്റെ ശ്വാസമായി സ്വീകരിക്കുക എന്നത്, ദൈവത്തിന്റെ പ്രതിയോഗിയെ കൊല്ലാൻ ആത്മാവിന്റെ വാളായി ദൈവവചനം സ്വീകരിക്കുന്നതുകൂടിയാണ്—എഫെ. 6:17-18:**

എഫെ. 6:17 രക്ഷയുടെ ശിരസ്ത്രവും ആത്മാവിന്റെ വാളും കൈക്കൊള്ളുവിൻ, ആ ആത്മാവ് ദൈവവചനം ആകുന്നു,

എഫെ. 6:18 സകല പ്രാർഥനയും അപേക്ഷയും മുഖാന്തരം, ഏത് നേരത്തും ആത്മാവിൽ പ്രാർഥിച്ചും,...

A. സാത്താൻ നമുക്ക് പുറത്തുള്ള ശത്രു മാത്രമല്ല നമ്മുടെ ഉള്ളിലെ പ്രതിയോഗി കൂടിയാണ്; വേദപുസ്തകത്തിലെ സ്ഥിര വചനത്തിന്മേൽ പ്രാർഥിച്ചുകൊണ്ട് ഈ ആന്തരിക പ്രതിയോഗിയോട് ഇടപെടുവാൻ, വചനത്തിലെ കൊല്ലുന്ന ശക്തി നാം അനുഭവിക്കേണ്ടതുണ്ട്, അങ്ങനെ അത് ആത്മാവിന്റെ തൽക്ഷണ വചനമായി തീരുന്നു—യോഹ. 6:63; എഫെ. 5:26; വെളി. 2:7.

   യോഹ. 6:63 ജീവൻ നൽകുന്നത് ആത്മാവാകുന്നു; മാംസം ഒന്നിനും പ്രയോജനപ്പെടുന്നില്ല; ഞാൻ നിങ്ങളോടു സംസാരിച്ചിരിക്കുന്ന വചനങ്ങൾ ആത്മാവും ജീവനും ആകുന്നു.

എഫെ. 5:26 അത് അവൻ വചനത്തിലെ ജലത്തിന്റെ കഴുകലാൽ വെടിപ്പാക്കി അവളെ വിശുദ്ധീകരിക്കേണ്ടതിനും,

വെളി. 2:7 ആത്മാവ് സഭകളോടു പറയുന്നത് എന്തെന്ന് ചെവിയുള്ളവൻ കേൾക്കട്ടെ. ജയിക്കുന്നവന് ഞാൻ ദൈവത്തിന്റെ പറുദീസയിലുള്ള ജീവ വൃക്ഷത്തിൽനിന്നു ഭക്ഷിക്കുവാൻ കൊടുക്കും.

B. വാളും ആത്മാവും വചനവും ഒന്നാണ്; ബൈബിളിലെ സ്ഥിരമായ വചനം തൽക്ഷണ വചനമായി മാറുമ്പോൾ (ഏത് സാഹചര്യത്തിലും ആത്മാവിനാൽ തൽസമയം പറയപ്പെടുന്ന പ്രായോഗിക്കപ്പെട്ട വചനം), ആ വചനം പ്രതിയോഗിയെ കൊല്ലുന്ന വാളെന്ന നിലയിൽ ആത്മാവാണ്—എബ്രാ. 4:12.

എബ്രാ. 4:12 എന്തെന്നാൽ ദൈവവചനം ജീവനുള്ളതും, വ്യാപരിക്കുന്നതും, ഇരുവായ്ത്തലയുള്ള ഏതു വാളിനെക്കാൾ മൂർച്ചയേറിയതും, ദേഹിയെയും ആത്മാവിനെയും സന്ധിമജ്ജകളെയും വേർതിരിക്കുംവരെ തുളച്ചുചെല്ലുന്നതും, ഹൃദയത്തിന്റെ ചിന്തകളും ഉദ്ദേശ്യങ്ങളും വിവേചിക്കുവാൻ കഴിയുന്നതും ആകുന്നു.

C. ആത്മാവിൽ സകല പ്രാർഥനയും മുഖാന്തരം എത്രത്തോളം നാം ദൈവവചനം കൈക്കൊള്ളുമോ അത്രയധികം നമ്മുടെ ആളത്വത്തിലെ പ്രതിലോമ മൂലകങ്ങൾ കൊല്ലപ്പെടുന്നു; ഒടുവിൽ, ഏറ്റവും മോശമായ ശത്രുവായ, ശരീരത്തിന്റെ ശത്രുവായ സ്വയം വധിക്കപ്പെടും—പ്ര.നി. വെളി. 1:16; 2:16.

വെളി. 1:16 അവന്റെ വലം കൈയിൽ ഏഴു നക്ഷത്രങ്ങൾ ഉണ്ടായിരുന്നു; അവന്റെ വായിൽനിന്ന് മൂർച്ചയേറിയ ഇരുവായ്ത്തലവാൾ പുറപ്പെടുകയും; അവന്റെ മുഖം സൂര്യൻ അതിന്റെ ശക്തിയിൽ പ്രകാശിക്കുന്നതുപോലെ ശോഭിക്കുകയും ചെയ്തു.

വെളി. 2:16 അതുകൊണ്ട് മാനസാന്തരപ്പെടുക; അല്ലെങ്കിൽ, ഞാൻ വേഗം നിന്റെ അടുക്കൽ വരുന്നു, എന്റെ വായിലെ വാൾകൊണ്ട് ഞാൻ അവരുമായി യുദ്ധം ചെയ്യും.

D. നമ്മുടെ ഉള്ളിലെ പ്രതിലോമകരമായ ചിലതിനാൽ നാം അസ്വസ്ഥരാക്കുമ്പോഴെല്ലാം, നാം ആത്മാവിൽ സകല പ്രാർഥനയും മുഖാന്തരം ദൈവവചനം കൈക്കൊള്ളണം; പ്രാർഥനാ വായനയിലൂടെ നമ്മിലെ പ്രതിലോമകരമായ കാര്യങ്ങൾ കൊല്ലപ്പെടുമ്പോൾ, കർത്താവ് വിജയിക്കുന്നു.

E. നമ്മുടെ ഉള്ളിലെ "അണുക്കളെ" കൊല്ലുവാനുള്ള ആത്മിക ആന്റിബയോട്ടിക്കായ, കൊല്ലുന്ന വാളായ ആത്മാവെന്ന നിലയിൽ വചനം കൈക്കൊള്ളുന്നതിലൂടെ നാം സഭാ ജീവിതത്തിലും ശുശ്രൂഷയിലും സംരക്ഷിക്കപ്പെടുന്നു, അങ്ങനെ നമുക്ക് ആരോഗ്യകരമായ ശരീര ജീവിതം, ആരോഗ്യകരമായ ഒരു സഭാ ജീവിതം നയിക്കുവാൻ കഴിയും.

F. തങ്ങളുടെ ഉള്ളിൽപകരുന്ന ആത്മാവെന്ന നിലയിൽ കർത്താവിനാൽ പ്രയോഗിക്കപ്പെടുന്ന വചനം ആകത്തക്കവണ്ണം, എഴുതപ്പെട്ട വചനത്തിലെ ജീവനുള്ള വചനമെന്ന നിലയിൽ അവനെ ബന്ധപ്പെടുവാൻ ജയാളികൾ എല്ലായ്പ്പോഴും കർത്താവിന്റെ അടുക്കൽ വരുന്നതിലൂടെ വചനത്തെ കാക്കുന്നു—3:8;യോഹ.1:1;5:39-40;6:63.

വെളി. 3:8 നിന്റെ പ്രവൃത്തികൾ ഞാൻ അറിയുന്നു; ഇതാ, ഞാൻ ആർക്കും അടയ്ക്കുവാൻ കഴിയാത്ത ഒരു തുറന്ന വാതിൽ നിനക്കു മുമ്പാകെ വച്ചിരിക്കുന്നു, എന്തുകൊണ്ടെന്നാൽ നിനക്ക് അൽപമേ

ശക്തിയുള്ളൂ, നീ എന്റെ വചനം കാത്തു, എന്റെ നാമം നിഷേധിച്ചതുമില്ല.

യോഹ. 1:1 ആദിയിൽ വചനം ഉണ്ടായിരുന്നു, വചനം ദൈവത്തോടുകൂടെ ആയിരുന്നു, വചനം ദൈവം ആയിരുന്നു.

യോഹ. 5:39 നിങ്ങൾ തിരുവെഴുത്തുകളെ തിരയുന്നു, എന്തുകൊണ്ടെന്നാൽ അവയിൽ നിങ്ങൾക്കു നിത്യജീവൻ ഉണ്ടെന്നു നിങ്ങൾ കരുതുന്നു; അവയാകുന്നു എന്നെക്കുറിച്ചു സാക്ഷ്യപ്പെടുത്തുന്നത്.

യോഹ. 5:40 എങ്കിലും നിങ്ങൾക്കു ജീവൻ ഉണ്ടാകേണ്ടതിന് എന്റെ അടുക്കൽ വരുവാൻ നിങ്ങൾ ഇച്ഛിക്കുന്നില്ല.

യോഹ. 6:63 ജീവൻ നൽകുന്നത് ആത്മാവാകുന്നു; മാംസം ഒന്നിനും പ്രയോജനപ്പെടുന്നില്ല; ഞാൻ നിങ്ങളോടു സംസാരിച്ചിരിക്കുന്ന വചനങ്ങൾ ആത്മാവും ജീവനും ആകുന്നു.

G. ദൈവത്തിന്റെ ശത്രുക്കളുടെ നാശത്തിനും ദൈവപുത്രന്മാരുടെ പ്രത്യക്ഷതയ്ക്കും, കൊല്ലുന്ന വാളെന്ന നിലയിൽ ദൈവശ്വാസത്തോടുകൂടിയ സംഘാത ദൈവത്തിന്റെ മനുഷ്യനായ, ക്രിസ്തുവിന്റെ മണവാട്ടിയും പുതുമനുഷ്യനും ആകുവാൻ തക്കവണ്ണം ജയാളികൾ ദൈവവചനമെന്ന നിലയിൽ ആത്മാവിനാൽ പൂർണമായി സംരചിക്കപ്പെട്ടിരിക്കുന്നു—വെളി. 2:7; 22:17; 19:13-15; 2 തെസ്സ. 2:8.

വെളി. 2:7 ആത്മാവ് സഭകളോടു പറയുന്നത് എന്തെന്ന് ചെവിയുള്ളവൻ കേൾക്കട്ടെ. ജയിക്കുന്നവന് ഞാൻ ദൈവത്തിന്റെ പറുദീസയിലുള്ള ജീവ വൃക്ഷത്തിൽനിന്നു ഭക്ഷിക്കുവാൻ കൊടുക്കും.

വെളി. 22:17 വരിക! എന്ന് ആത്മാവും മണവാട്ടിയും പറയുന്നു. കേൾക്കുന്നവനും വരിക! എന്ന് പറയട്ടെ; ദാഹിക്കുന്നവൻ വരട്ടെ; ഇച്ഛിക്കുന്നവൻ ജീവജലം സൗജന്യമായി എടുക്കട്ടെ.

വെളി. 19:13 അവൻ രക്തത്തിൽ മുക്കിയ വസ്ത്രം ധരിച്ചിരിക്കുന്നു; അവനു ദൈവവചനം എന്നു പേർ വിളിക്കപ്പെടുന്നു.

വെളി. 19:14 സ്വർഗത്തിലെ സൈന്യം വെണ്മയും വെടിപ്പുമുള്ള നേരിയ ചണനൂൽ വസ്ത്രം ധരിച്ച് വെള്ളക്കുതിരപ്പുറത്ത് അവനെ അനുഗമിച്ചു.

വെളി. 19:15 രാഷ്ട്രങ്ങളെ വെട്ടേണ്ടതിന് അവന്റെ വായിൽനിന്ന് മൂർച്ചയേറിയ വാൾ പുറപ്പെടുന്നു; അവൻ ഇരുമ്പുകോൽ കൊണ്ട് അവരെ മേയ്ക്കും; അവൻ സർവശക്തനായ ദൈവത്തിന്റെ ക്രോധവും കോപവുമായ വീഞ്ഞിന്റെ മുന്തിരിച്ചക്ക് മെതിക്കുന്നു.

2 തെസ്സ. 2:8 അപ്പോൾ അധർമിയായവൻ വെളിപ്പെടും (അവനെ കർത്താവായ യേശു തന്റെ വായിലെ ശ്വാസത്താൽ നിഗ്രഹിക്കുകയും തന്റെ വരവിന്റെ പ്രത്യക്ഷതയാൽ ഒന്നുമല്ലാതാക്കുകയും ചെയ്യും),

**ശുശ്രൂഷയിൽനിന്നുള്ള ഉദ്ധരിണികൾ:**

## കർത്താവിന്റെ വചനങ്ങൾ ആത്മാവും ജീവനുമാണ്

നമുക്ക് ഇപ്പോൾ ബൈബിളിന്റെ സ്വഭാവത്തോടു ബന്ധപ്പെട്ട മറ്റൊരു പ്രധാന വാക്യം കൂടി പരിഗണിക്കാം—യോഹന്നാൻ 6:63. ഇവിടെ കർത്താവായ യേശു പറഞ്ഞു, "ജീവൻ നൽകുന്നത് ആത്മാവാകുന്നു....ഞാൻ നിങ്ങളോട് സംസാരിച്ചിരിക്കുന്ന വചനങ്ങൾ ആത്മാവും ജീവനും ആകുന്നു." കർത്താവിന്റെ വാക്കുകൾ ജീവന്റെ ആത്മാവിന്റെ ദേഹരൂപമാണെന്ന് ഇത് സൂചിപ്പിക്കുന്നു. നമ്മുടെ ആത്മാവിനെ വ്യായാമം ചെയ്തുകൊണ്ട് അവന്റെ വചനങ്ങളെ നാം സ്വീകരിക്കുമ്പോൾ, ജീവൻ നൽകുന്നതായ ആത്മാവിനെ നമുക്ക് ലഭിക്കുന്നു.

ബൈബിൾ വായിക്കുമ്പോൾ നമുക്ക് ജീവൻ ലഭിക്കണം; നാം മറ്റുള്ളവരെ ബൈബിളിനെക്കുറിച്ച് പഠിപ്പിക്കുമ്പോൾ അവർക്ക് ജീവൻ ലഭിക്കണം. ബൈബിൾ വായിക്കുമ്പോൾ നമുക്ക് ജീവൻ ലഭിച്ചില്ലെങ്കിൽ എന്തോ കുഴപ്പമുണ്ട്. നമ്മുടെ ബൈബിൾ വായനയിൽ ആത്മാവ് ഇല്ലായിരിക്കാം; നാം മറ്റുള്ളവരെ ബൈബിൾ പഠിപ്പിക്കുന്നതിൽ ആത്മാവ് ഇല്ലായിരിക്കാം. ആത്മാവില്ല എന്നതിനർഥം ജീവനില്ല എന്നാണ്. ബൈബിളിന്റെ ഒരു ഭാഗമോ അനേകം വാക്യങ്ങളോ ഏതാനും അധ്യായങ്ങളോ നാം ജീവസഹായം ലഭിക്കാതെ വായിച്ചേക്കാം. നമ്മുടെ വായനയിൽ ആത്മാവില്ല എന്നതാണ് ഈ സഹായത്തിന്റെ അഭാവത്തിന് കാരണം. ബൈബിൾ വായിക്കുമ്പോൾ നമുക്ക് ആത്മാവ് അനുഭവപ്പെടുന്നില്ലെങ്കിൽ, എന്തോ കുഴപ്പമുണ്ടെന്ന് നാം മനസ്സിലാക്കണം, തുടർന്ന് നാം നമ്മെത്തന്നെ ക്രമീകരിക്കണം.

അതേ തത്ത്വത്തിൽ, വേനൽക്കാല അവധിയിൽ യുവാക്കളെ പഠിപ്പിക്കുമ്പോൾ, നമ്മുടെ പഠിപ്പിക്കലിൽ ആത്മാവുണ്ടോ എന്ന് നാം പരിശോധിക്കണം. ആത്മാവില്ലെങ്കിൽ പഠിപ്പിക്കുന്ന രീതി മാറ്റണം. വേനൽക്കാല അവധിയിൽ യുവാക്കളെ പഠിപ്പിക്കുന്നത് സ്കൂളിൽ ഒരു ക്ലാസ് എടുക്കുന്നതുപോലെ ആകരുത്. ഒരു സ്കൂളിൽ ആത്മാവിന്റെ ആവശ്യമില്ല, എന്നാൽ നമ്മുടെ പഠിപ്പിക്കലിൽ അധികം ആത്മാവിന്റെ ആവശ്യമുണ്ട്.

## ദൈവത്തെ ശ്വസിക്കുകയും ഉച്ഛ്വസിക്കുകയും ചെയ്യുന്നു

നമ്മുടെ ബൈബിൾ വായനയിലും പഠിപ്പിക്കലിലും അധികം ആത്മാവ് ഉണ്ടായിരിക്കണമെങ്കിൽ, നമുക്ക് വളരെയധികം പ്രാർഥന ആവശ്യമാണെന്ന് അനുഭവത്തിൽ നിന്ന് നമുക്കറിയാം. നാം പ്രാർഥനാ വ്യക്തിയായിരിക്കണം. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, നാം കർത്താവിനെ നിരന്തരം ശ്വസിക്കുന്ന ഒരു വ്യക്തിയായിരിക്കണം, എപ്പോഴും ദൈവത്തെ ഉള്ളിലേക്ക് ശ്വസിക്കുന്ന വ്യക്തിയായിരിക്കണം. നമ്മുടെ ബൈബിൾ വായന ഒരുതരം ഉള്ളിലേക്കുള്ള ശ്വസനം ആയിരിക്കണം, നാം ബൈബിൾ പഠിപ്പിക്കുന്നത് ഉച്ഛ്വാസം ആയിരിക്കണം. യൗവനക്കാരെ നിങ്ങൾ പഠിപ്പിക്കുമ്പോൾ, നിങ്ങൾ അവരിലേക്ക് ദൈവത്തെ നിശ്വസിക്കണം.

ബൈബിൾ ദൈവത്തിന്റെ ശ്വാസമാണ്, ഈ ശ്വാസം ആത്മാവാണ്, ആത്മാവ് ജീവൻ നൽകുന്നു. നിങ്ങൾ ആത്മാവിനെ ശ്വസിക്കുമ്പോൾ, നിങ്ങൾക്ക് അനാവരണം, ശാസനം, തിരുത്തൽ, ഉപദേശം എന്നിവ മാത്രമല്ല ലഭിക്കുന്നത്—നിങ്ങൾക്ക്ജീവൻലഭിക്കുന്നു. നിങ്ങൾബൈബിൾവായിക്കുമ്പോൾ ആത്മാവിനെ സ്പർശിക്കുമ്പോഴെല്ലാം നിങ്ങൾക്ക് ജീവൻ ലഭിക്കും. അതുപോലെ, നിങ്ങൾ യൗവനക്കാരെ പഠിപ്പിക്കുമ്പോൾ, നിങ്ങൾ ആത്മാവിനെ സ്പർശിക്കേണ്ടതുണ്ട്. നിങ്ങൾ ആത്മാവിനെ മാത്രമല്ല, നിങ്ങളുടെ യൗവനക്കാരുടെ ആത്മാക്കളെയും സ്പർശിക്കുന്നു എന്ന ബോധം നിങ്ങൾക്കുണ്ടായിരിക്കണം. നിങ്ങൾ ദൈവത്തെ നിശ്വസിക്കുന്നുവെന്നും അവർ ദൈവത്തെ ശ്വസിക്കുന്നുവെന്നും ഉള്ള ബോധം നിങ്ങൾക്കുണ്ടായിരിക്കണം. നിങ്ങളുടെ നിശ്വസനവും അവരുടെ ശ്വസനവും തമ്മിൽ ഒരു ആശയവിനിമയം ഉണ്ടെന്നാണ് ഇതിനർഥം. നിങ്ങളുടെ പഠിപ്പിക്കുന്ന രീതി ശരിയാണെന്ന് ഇത് സൂചിപ്പിക്കുന്നു, കാരണം നിങ്ങൾ യൗവനക്കാർക്ക് ജീവൻ ശുശ്രൂഷിക്കാൻ വ്യായാമം ചെയ്യുകയാണ്.

മറ്റുള്ളവരെ ബൈബിൾ പഠിപ്പിക്കുമ്പോൾ, വീണ്ടും വീണ്ടും സ്വയം

ക്രമീകരിച്ചുകൊണ്ട് നിങ്ങൾ നിങ്ങളോടുതന്നെ വളരെ കർശനമായി പെരുമാറണം. ഒരു സെഷനിൽ നിങ്ങൾ നിരവധി തവണ ക്രമപ്പെടേണ്ടി വന്നേക്കാം. നിങ്ങൾ പഠിപ്പിക്കുന്ന ആദ്യത്തെ കുറച്ച് സമയങ്ങളിൽ നിങ്ങൾക്ക് പരാജയം അനുഭവപ്പെടുകയാണെങ്കിൽ, നിങ്ങൾ വളരെയധികം പ്രാർഥനയോടെ കർത്താവിലേക്ക് മടങ്ങണം. നിങ്ങളിലേക്ക് ദൈവത്തെ നിശ്വസിച്ചുകൊണ്ട് നിങ്ങളെതന്നെ കർത്താവിലേക്ക് പ്രാർഥിക്കുക. അങ്ങനെ, പ്രാർഥിക്കുന്ന വ്യക്തിയായി, ദൈവത്തെ ശ്വസിക്കുന്ന ഒരു വ്യക്തിയായി, യൗവനക്കാരുടെ അടുക്കലേക്ക് മടങ്ങി, നിങ്ങൾക്ക് ദൈവത്തിൽ നിന്ന് ലഭിച്ചത് ശ്വസിക്കുക.

## ദൈവത്തിന്റെ വായയിലൂടെ പുറപ്പെടുന്ന വചനത്താൽ മറ്റുള്ളവരെ പോഷിപ്പിക്കുക

മത്തായി 4:4-ൽ കർത്താവായ യേശു പറഞ്ഞു, "മനുഷ്യൻ അപ്പംകൊണ്ടു മാത്രമല്ല, ദൈവത്തിന്റെ വായിലൂടെ പുറപ്പെടുന്ന സകല വചനംകൊണ്ടും ജീവിക്കും." ദൈവത്തിന്റെ വായിലൂടെ പുറപ്പെടുന്ന വചനം നമ്മുടെ യഥാർഥ ഭക്ഷണമാണെന്ന് ഇവിടെ നാം കാണുന്നു. ബൈബിൾ ജീവൻ പകർന്നുനൽകാൻ മാത്രമല്ല, പോഷിപ്പിക്കാനും ഉള്ളതാണെന്ന് ഇത് സൂചിപ്പിക്കുന്നു. നിങ്ങൾ മറ്റുള്ളവരെ ബൈബിൾ പഠിപ്പിക്കുമ്പോൾ, നിങ്ങൾ അവരെ പോഷിപ്പിക്കണം. നിങ്ങളെ കേട്ട എല്ലാ ചെറുപ്പക്കാർക്കും തങ്ങളെ പഠിപ്പിച്ചു എന്ന് മാത്രമല്ല, തങ്ങൾക്ക് പോഷണം ലഭിച്ചു എന്ന ബോധവും ഉണ്ടായിരിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. നിങ്ങളുടെ പഠിപ്പിക്കലിലൂടെ അവർ പോഷിപ്പിക്കപ്പെടുന്നുണ്ടോ ഇല്ലയോ എന്നത് നിങ്ങളെ ആശ്രയിച്ചിരിക്കുന്നു.

ഇന്നത്തെ സെമിനാരികളിലെ അധ്യാപകർ തങ്ങളുടെ വിദ്യാർഥികളെ ബൈബിൾ പഠിപ്പിക്കുകയാണെന്ന് അവകാശപ്പെട്ടേക്കാം. എങ്കിലും മിക്ക സെമിനാരി വിദ്യാർഥികളും പട്ടിണി കിടന്ന് മരിക്കുന്നു. അവർക്ക് യാതൊരു പോഷണവും ലഭിക്കുന്നില്ല, കാരണം അവരുടെ അധ്യാപകർ ബൈബിൾ തെറ്റായ രീതിയിൽ പഠിപ്പിക്കുന്നു. ഭൂമിശാസ്ത്രം, ചരിത്രം, ശാസ്ത്രം, ഗണിതം തുടങ്ങിയ വിഷയങ്ങൾ സ്കൂളുകളിലെ അധ്യാപകർ പഠിപ്പിക്കുന്നതുപോലെ അവർ ബൈബിൾ പഠിപ്പിക്കുന്നു. അതിനാൽ, പോഷണം ഇല്ല. നമ്മുടെ അധ്യാപന രീതി വ്യത്യസ്തമായിരിക്കണം. നാം യുവജനങ്ങളെ തിരുവെഴുത്തുകൾ പഠിപ്പിക്കുമ്പോൾ, ദൈവത്തിന്റെ വായിൽ നിന്ന് പുറപ്പെടുന്ന വാക്കുകളാൽ നാം അവരെ ജീവ സഹായത്താൽ പോഷിപ്പിക്കണം.

നാമെല്ലാവരും ജീവനുള്ള വ്യക്തികളാകണം, ദൈവവചനങ്ങൾ നമ്മിലൂടെ പുറപ്പെടുന്ന ജീവനുള്ള ചാലുകളായിരിക്കണം. ദൈവവചനം ദൈവത്തിന്റെ വായിലൂടെ പുറപ്പെടുന്നു, ഒരു ചാലായി അത് നമ്മിലൂടെയും പുറപ്പെടാൻ നാം അനുവദിക്കണം. യോഗങ്ങളിൽ ഒരു സഹോദരൻ ബൈബിൾ വായിക്കുകയോ ബൈബിളിൽ നിന്ന് പഠിപ്പിക്കുകയോ ചെയ്യുമ്പോൾ, നമുക്ക് ഒരു പോഷണവും ലഭിക്കുന്നില്ല, എന്നാൽ മറ്റൊരു സഹോദരൻ അതേ കാര്യം ചെയ്യുമ്പോൾ, നമുക്ക് പോഷണം ലഭിക്കുന്നു. ആദ്യത്തെ സഹോദരൻ ആത്മാവില്ലാതെ വായിക്കുകയോ സംസാരിക്കുകയോ ചെയ്യുകയും, എന്നാൽ രണ്ടാമത്തെ സഹോദരൻ വളരെ ആത്മാവോടെ വായിക്കുകയോ സംസാരിക്കുകയോ ചെയ്തു എന്നതാണ് വ്യത്യാസത്തിന് കാരണം. യൗവനക്കാരെ പഠിപ്പിക്കുന്നതിലും തത്ത്വം അതുതന്നെയാണ്. നിങ്ങളുടെ

പഠിപ്പിക്കുമ്പോൾ ആത്മാവിലും ആത്മാവോടുകൂടെയും ആയിരിക്കണം. നിങ്ങൾ പഠിപ്പിക്കുമ്പോൾ, ദൈവത്തിന്റെ വചനം പുറപ്പെടുന്ന ജീവനുള്ള ചാലായിരിക്കണം. നിങ്ങളൊരു ജീവനുള്ള ചാലാണെങ്കിൽ, നിങ്ങളെ കേൾക്കുന്ന യൗവനക്കാർക്ക് അവരുടെ പോഷണത്തിനായി ആത്മിക ഭക്ഷണം ലഭിക്കും.

## ആത്മാവിന്റെ വാൾശത്രുവിനെ കൊല്ലുന്നു

ഇനി നമുക്ക് എഫെസ്യർ 6:17-ലേക്ക് തിരിക്കാം. ഇവിടെ പൗലൊസ് നമ്മോട്, "ആത്മാവിന്റെ വാൾ കൈക്കൊള്ളുവിൻ, ആ ആത്മാവ് ദൈവത്തിന്റെ വചനം ആകുന്നു" എന്ന് ആജ്ഞാപിക്കുന്നു. ഞാൻ ഒരു ക്രിസ്ത്യാനിയായിരുന്നപ്പോൾ, ദൈവവചനം ഒരു വാളാകുന്നത് എങ്ങനെയെന്ന് എനിക്ക് മനസ്സിലായില്ല. ബൈബിളിൽ നിന്ന് പ്രകാശിതനാകുക എന്നതിന്റെ അർഥം എനിക്ക് മനസ്സിലായി, കാരണം ബൈബിൾ വായിക്കുന്നതിലൂടെ ഞാൻ പ്രകാശിതനായി. ഒരു പരിധിവരെ, ബൈബിൾ എന്നെ ശാസിക്കുകയും തിരുത്തുകയും ദൈവത്തോടും മനുഷ്യനോടും ശരിയായിരിക്കാൻ നിർദ്ദേശിക്കുകയും ചെയ്തു. പക്ഷേ, ബൈബിൾ എങ്ങനെയാണ് ശത്രുവിനെ നേരിടാനുള്ള ഒരു ആക്രമണായുധമായ വാളായി മാറുന്നത് എന്ന് എനിക്കറിയില്ലായിരുന്നു. ഇത് മനസ്സിലാക്കാൻ ആത്മിക അനുഭവം ആവശ്യമാണ്.

ക്രിസ്ത്യാനികൾ ബൈബിളിൽ പ്രകാശിതരാകുകയും ശാസിക്കപ്പെടുകയും തിരുത്തപ്പെടുകയും ഉപദേശിക്കപ്പെടുകയും ചെയ്യുന്നത് സാധാരണമാണ്, എന്നാൽ ബൈബിളിലെ വചനം ശത്രുവിനെ കൊല്ലുന്ന വാളായി പലരും അനുഭവമാക്കുന്നില്ല. ഈ അനുഭവക്കുറവിന് കാരണം, ആത്മാവിനെ സ്പർശിക്കാതെ പഠനത്തിനും ശാസനത്തിനും തിരുത്തലിനും നിർദ്ദേശത്തിനും ബൈബിൾ വചനം സ്വീകരിക്കുന്നതാണ്. അവിശ്വാസികൾ പോലും തിരുവെഴുത്തുകളിൽ വായിക്കുന്ന കാര്യങ്ങളിൽ നിന്ന് പ്രകാശിതരായേക്കാം. കൂടാതെ, ബഹുമാനം, സ്നേഹം, വിനയം, സത്യസന്ധത എന്നിവയെക്കുറിച്ച് ബൈബിൾ പറയുന്ന കാര്യങ്ങൾ അവരെ ശാസിക്കുകയും തിരുത്തുകയും ഉപദേശിക്കുകയും ചെയ്തേക്കാം. എന്നിരുന്നാലും, അവരുടെ തിരുവെഴുത്തുകളുടെ വായനയിൽ ആത്മാവിന്റേതായ യാതൊന്നുമില്ല. എന്നാൽ, ശത്രുവിനെതിരെ പോരാടുന്നതിനുള്ള വാളായി ബൈബിളിലെ വചനം എടുക്കണമെങ്കിൽ, ആത്മാവിന്റെ നിറവോടുകൂടിയ മാർഗത്തിൽ നാം ബൈബിളിനെ സ്പർശിക്കണം.

## ദൈവവചനം പരോക്ഷമായി വാളാണ്

എഫെസ്യർ 6:17 ലെ പൗലൊസിന്റെ വാക്കനുസരിച്ച്, ദൈവവചനം നേരിട്ടല്ല, പരോക്ഷമായി വാളാണ്. "ആത്മാവിന്റെ വാൾ, ആ ആത്മാവ് ദൈവവചനം ആകുന്നു" എന്ന് പൗലൊസ് പറയുന്നു. ഇവിടെ നമുക്ക് പരോക്ഷതയുണ്ട്. വാൾ നേരിട്ടുള്ള വചനമല്ല. മറിച്ച്, വാൾ നേരിട്ട് ആത്മാവാണ്, എന്നിട്ട് ആത്മാവ് വചനമാണ്. ശത്രുവായ സാത്താനോട് നാം ഇടപെടണമെങ്കിൽ ബൈബിൾ ആത്മാവായി മാറണം എന്ന് ഇത് സൂചിപ്പിക്കുന്നു. യുവാക്കൾ മാതാപിതാക്കളെ ബഹുമാനിക്കണമെന്നും അവർ ചെയ്ത തെറ്റിന് ക്ഷമ ചോദിക്കണമെന്നും

ബൈബിളിൽ നിന്ന് ആത്മാവില്ലാതെ പഠിപ്പിക്കാൻ നമുക്ക് സാധ്യമായേക്കാം. എന്നാൽ ശത്രുവിനെ കൊല്ലാനുള്ള വാളായി ബൈബിൾ വചനം ഉപയോഗിക്കണമെങ്കിൽ, നമ്മുടെ അനുഭവത്തിൽ വചനം ആത്മാവായിരിക്കണം.

**എഫെസ്യർ 6:17 അനുഭവപരമായി മനസ്സിലാക്കുന്നു**

ഈ അവസരത്തിൽ, ബൈബിളിലെ വചനം എങ്ങനെ, പ്രായോഗികമായി, ശത്രുവിനെതിരെ പോരാടുന്നതിന് ആത്മാവിന്റെ വാളായി മാറുമെന്ന് ചിന്തിക്കാൻ ഞാൻ നിങ്ങളോട് ആവശ്യപ്പെടുന്നു. ഇതിന് ഒരു ദൃഷ്ടാന്തമോ സാക്ഷ്യമോ നൽകാമോ? എഫെസ്യർ 6:12 നമ്മുടെ ശത്രുക്കൾ ദുഷ്ടാത്മാക്കളാണ്, "ഈ അന്ധകാരത്തിന്റെ ലോകാധിപതികൾ," "സ്വർഗീയങ്ങളിലെ ദുഷ്ടാത്മ സേനകൾ" ആണെന്ന് വെളിപ്പെടുത്തുന്നു. വചനത്തെ വാളാക്കി ഈ ശത്രുക്കളെ നിങ്ങൾ എങ്ങനെ സംഹരിച്ചുവെന്ന് നിങ്ങളുടെ അനുഭവത്തിൽ നിന്ന് സാക്ഷ്യപ്പെടുത്താമോ? അത്തരമൊരു സാക്ഷ്യം നൽകുന്നതിന്, ബൈബിളിനെ കേവലം മാനസികമായ രീതിയിലല്ല, ആത്മാവിന്റെ മാർഗത്തിൽ കൈകാര്യം ചെയ്തുകൊണ്ട് അനുഭവപരമായി എഫെസ്യർ 6:17-നെ നാം മനസ്സിലാക്കേണ്ടതുണ്ട്. നിങ്ങൾ യുവാക്കളെ ഒരു സ്കൂളിൽ പഠിപ്പിക്കുന്നതുപോലെ മാനസികമായി പഠിപ്പിക്കുമെന്ന് എനിക്ക് ആശങ്കയുണ്ട്. ആത്മാവിന്റെ മാർഗത്തിൽ ബൈബിൾ പഠിപ്പിക്കാൻ നാമെല്ലാവരും പഠിക്കേണ്ടതുണ്ട്.

ക്രിസ്തുവിന്റെ ശരീരം എന്ന നിലയിൽ സഭയെക്കുറിച്ചുള്ള ഒരു പുസ്തകമായ എഫെസ്യർ, ശരീര ജീവിതത്തെക്കുറിച്ചും, ശരീരത്തിന്റെ ഒരുമയെക്കുറിച്ചും (4:4), ശരീരം എല്ലാറ്റിലും എല്ലാം നിറയ്ക്കുന്നവന്റെ നിറവിനെക്കുറിച്ചും സംസാരിക്കുന്നു (1:23). നമ്മുടെ അഭിപ്രായം, ചിന്ത, കോപം, വികാരം, സ്വാഭാവിക ജീവൻ, വീക്ഷണം തുടങ്ങിയ കാര്യങ്ങൾ പലപ്പോഴും ആകാശത്തിലെ ഇരുട്ടിന്റെ ശക്തികൾ ശരീര ജീവിതത്തെ നശിപ്പിക്കാൻ ഉപയോഗിക്കുന്നതാണെന്ന് നാം മനസ്സിലാക്കണം. സഭയിലുള്ള സഹോദരീസഹോദരന്മാരെന്ന നിലയിൽ, നമുക്കെല്ലാവർക്കും നമ്മുടെ വികാരവും ചിന്തയും അഭിപ്രായവും സ്വാഭാവിക ജീവനുമുണ്ട്, കൂടാതെ നമുക്കെല്ലാവർക്കും നമ്മുടേതായ വീക്ഷണവുമുണ്ട്. പലപ്പോഴും നാം അസ്വസ്ഥരാകുന്നത്, മറ്റുള്ളവരുടെ തെറ്റുകൾ കൊണ്ടല്ല, മറിച്ച് നമ്മുടെ വികാരമോ അഭിപ്രായമോ കൊണ്ടാണ്. ഒരു കസേരയെ വ്രണപ്പെടുത്താൻ കഴിയില്ല, കാരണം അതിന് വികാരങ്ങൾ ഇല്ല. നിങ്ങൾ ഒരു കസേരയോട് എങ്ങനെ പെരുമാറിയാലും അത് വ്രണപ്പെടുകയില്ല. എങ്കിലും, സഭയിലെ സഹോദരീസഹോദരന്മാർക്ക് വ്രണപ്പെടുവാൻ എളുപ്പമാണ്.

അവരുടെ വികാരങ്ങൾ കാരണം, സഹോദരിമാർ എളുപ്പത്തിൽ വ്രണപ്പെടുന്നു. ഒരു മുതുർന്ന സഹോദരൻ ഒരു സഹോദരിയോട് ഒരു വാക്ക് സംസാരിക്കുകയും അവളുടെ വികാരം നിമിത്തം അവൾ വ്രണപ്പെടുകയും ചെയ്തുവെന്ന് കരുതുക. അപ്പോൾ അവളുടെ വികാരം മുതലെടുക്കാൻ ആകാശത്തിലെ ദുഷ്ടശക്തി കടന്നുവരുകയും, താൻ വ്രണപ്പെട്ട കാര്യം മറക്കുകയില്ലെന്ന് അവൾ തീരുമാനിക്കുകയും ചെയ്യുന്നു. പ്രത്യക്ഷത്തിൽ, പ്രശ്നം അവളുടെ വികാരമാണ്. വാസ്തവത്തിൽ, പ്രശ്നം അവളുടെ വികാരത്തെ ആകാശത്തിലെ ദുഷ്ടശക്തി കൈവശമാക്കി എന്നതാണ്. ഇതിനർഥം യഥാർഥ ശത്രു ഈ സഹോദരിയുടെ വികാരമല്ല, മറിച്ച് സഭാ ജീവിതത്തെ തകർക്കാൻ അവളുടെ വികാരത്തെ മുതലെടുക്കുന്ന

അന്തരീക്ഷത്തിലെ ദുഷ്ടാത്മാവാണ്. ശത്രു അവളുടെ വികാരം ഉപയോഗിച്ചതിനാൽ, ഈ സഹോദരിക്ക് ആദ്യം അവളുടെ ഭർത്താവിന്മേൽ പ്രതിലോമമായ പ്രഭവമുണ്ടാകുന്നു, തുടർന്ന് അവൾക്ക് മറ്റ് പലരുടെയുംമേൽ പ്രതിലോമമായ പ്രഭവമുണ്ടാകുന്നു. തൽഫലമായി, ശരീരത്തിന്റെ ഒരു ഭാഗം വിഷലിപ്തമാകുന്നു. ഈ സാഹചര്യത്തിൽ ശത്രുവിനെ പരാജയപ്പെടുത്തണമെങ്കിൽ, ശത്രുവിനെ നേരിടാനുള്ള വാളായി മാറുന്ന ആത്മാവെന്ന നിലയിൽ വചനത്തെ സ്വീകരിക്കാൻ ആ സഹോദരി പഠിക്കണം.

## വചനത്തെആത്മാവായി സ്വീകരിച്ചുകൊണ്ട് സഭാജീവിതത്തിലും ശുശ്രൂഷയിലും സംരക്ഷിക്കപ്പെടുന്നു

ഒരുപാട് വർഷത്തെ അനുഭവത്തിലൂടെ ഞാൻ മനസ്സിലാക്കിയ കാര്യമാണിത്. ഞാൻ വ്രണപ്പെടാൻ കഴിയാത്ത ഒരു "മാർബിൾ" കഷ്ണമല്ല. സഭാ ജീവിതത്തിലും എന്റെ കുടുംബജീവിതത്തിലും മറ്റുള്ളവരാൽ പലപ്പോഴും എന്നെ വ്രണപ്പെട്ടിട്ടുണ്ട്. എല്ലാ കുറ്റങ്ങളും തരണം ചെയ്യാൻ എനിക്ക് എങ്ങനെ കഴിഞ്ഞു? വചനം ആത്മാവായി സ്വീകരിച്ചുകൊണ്ട് ഞാൻ തരണംചെയ്യുന്നു. ഞാൻ ആത്മാവായി സ്വീകരിക്കുന്ന വചനം ശത്രുവിനെ കൊല്ലാനുള്ള വാളായി മാറുന്നു. പ്രത്യക്ഷത്തിൽ, ആത്മാവിന്റെ വാൾ എന്റെ വികാരത്തെ കൊല്ലുന്നു; വാസ്തവത്തിൽ, അത് എന്റെ വികാരത്തെ മുതലെടുക്കുന്ന ആകാശത്തിലെലെ ദുഷ്ടാത്മാവിനെ കൊല്ലുന്നു. എന്റെ വികാരം നേരിട്ട് കൊല്ലപ്പെടുമ്പോൾ, ദുഷ്ടാത്മാവ് പരോക്ഷമായി കൊല്ലപ്പെടുന്നു. ഇതുവഴി എനിക്ക് അകൃത്യങ്ങളെ തരണംചെയ്യുവാൻ കഴിഞ്ഞു.

ചിലർ ഇത് കേൾക്കുമ്പോൾ, "സഹോദരൻ ലീ, നിങ്ങളുടെ വികാരത്തെ നേരിട്ട് കൊല്ലാനും ആകാശത്തിലെ ദുഷ്ടശക്തിയെ പരോക്ഷമായി കൊല്ലാനും കഴിയുന്ന ഒരു വാക്യം കാണിക്കൂ" എന്ന് അവർ പറഞ്ഞേക്കാം. ഇത് നമ്മുടെ വികാരത്തെ സ്പർശിക്കുന്ന ഒരു പ്രത്യേക വാക്യത്തിന്റെ വിഷയമല്ല, മറിച്ച് എഫെസ്യർ 6:17 അനുഭവപരമായ രീതിയിൽ പ്രയോഗിക്കുന്നതിന്റെ വിഷയമാണ്. വൈകുന്നേരം ഒരു മൂപ്പനാൽ ഞാൻ വ്രണപ്പെട്ടു എന്ന് കരുതുക. ഞാൻ കർത്താവിനെ ഭയപ്പെടുന്നതിനാൽ, മറ്റുള്ളവരോട് ഇതിനെക്കുറിച്ച് സംസാരിക്കാൻ ഞാൻ ധൈര്യപ്പെടുന്നില്ല. അടുത്ത ദിവസം രാവിലെ ഞാൻ എഴുന്നേറ്റ് വചനത്തിൽ കർത്താവുമായി ബന്ധപ്പെടുന്നു. എന്റെ വികാരത്തെ സ്പർശിക്കുന്ന ഒരു വാക്യവും ഞാൻ വായിക്കുന്നില്ല. പകരം, ആത്മാവിന്റെ അഭ്യാസത്തോടെ ഞാൻ ബൈബിൾ വായിക്കാൻ തുടങ്ങുന്നു. ഒരുപക്ഷേ ഞാൻ ഉല്പത്തി 1:1 വായിച്ചേക്കാം: "ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു." ഈ വാക്യം വായിക്കുമ്പോൾ, ഞാൻ വചനത്തെ ജീവനുള്ള രീതിയിൽ ആത്മാവായി സ്വീകരിക്കുന്നു, വചനമായ ആത്മാവ് എന്റെ വികാരത്തെ നേരിട്ട് കൊല്ലുകയും ദുഷ്ടശക്തിയെ പരോക്ഷമായി കൊല്ലുകയും ചെയ്യുന്ന വാളായി മാറുന്നു. സ്വമേധയാ, അകൃത്യം നീങ്ങിപ്പോയി, സഭക്ക് കോട്ടം സംഭവിച്ചതുമില്ല. എന്നാൽ, അകൃത്യം നിലനിൽക്കാൻ അനുവദിച്ചാൽ, അത് സഭാ ജീവിതത്തിന് ഗുരുതരമായ നാശമുണ്ടാക്കും. ഈ വിധത്തിൽ ദൈവവചനം സ്വീകരിക്കുന്നത് നമ്മളിൽ പലരും അനുഭവിച്ചിട്ടുണ്ടെന്ന് ഞാൻ വിശ്വസിക്കുന്നു.

കൊല്ലുന്ന വാളായിരിക്കാൻ ആത്മാവായ വചനം ഇല്ലെങ്കിൽ,

വർഷങ്ങളോളം സഭാ ജീവിതത്തിൽ നമ്മെ നിലനിർത്താൻ ഒരു വഴിയുമില്ല. അരനൂറ്റാണ്ടിലേറെയായി, ഞാൻ യാത്ര ചെയ്യുന്നു, സഭകൾ സന്ദർശിക്കുന്നു, ആയിരക്കണക്കിന് വിശുദ്ധന്മാരെ ബന്ധപ്പെടുന്നു. എല്ലാ ശത്രുക്കളെയും കൊല്ലാനുള്ള ആത്മാവായ വചനം ഇല്ലെങ്കിൽ, ഞാൻ ഇപ്പോൾ ഇവിടെ ശുശ്രൂഷ ചെയ്യുമായിരുന്നില്ല. ഏതെങ്കിലുമൊരു സഭയോടോ വിശുദ്ധനോടോ വ്രണപ്പെട്ടിരിക്കുവാൻ ഞാൻ എന്നെത്തന്നെ അനുവദിച്ചിരുന്നെങ്കിൽ, ഞാൻ ശുശ്രൂഷ അവസാനിക്കുമായിരുന്നു. ആത്മാവെന്ന നിലയിൽ വചനത്തിന്റെ കൊല്ലലിലൂടെ ഞാൻ സഭാജീവിതത്തിലും ശുശ്രൂഷയിലും സൂക്ഷിക്കപ്പെട്ടിരിക്കുന്നു.

## ഒരു ആത്മിക ആന്റിബയോട്ടിക്

ഒരു പ്രത്യേക സഹോദരൻ തന്റെ സ്ഥലത്തെ സഭയിൽ സന്തുഷ്ടനല്ലെന്ന് കരുതുക. മറ്റൊരു നഗരത്തിലെ സഭ തനിക്ക് ഇഷ്ടപ്പെടുമെന്ന് കരുതി അവൻ അവിടേക്കു മാറുന്നു. എന്നിരുന്നാലും, ഒരു ചെറിയ കാലയളവിനുശേഷം, അവൻ ഈ സ്ഥലം സഭയിൽ അസന്തുഷ്ടനാകുന്നു, അതിനാൽ അവൻ മറ്റൊരു സ്ഥലത്തേക്ക് മാറുന്നു. എന്നാൽ താമസിയാതെ ഈ സഭയിലെ എന്തെങ്കിലും അല്ലെങ്കിൽ ആരെങ്കിലുമായി അയാൾ അസ്വസ്ഥനാകുകയും അവൻ മറ്റൊരു സ്ഥലത്തേക്ക് മാറുകയും ചെയ്യുന്നു. അത്തരമൊരു വ്യക്തിക്ക് സഭയുടെ കെട്ടുപണിയിൽ പങ്കെടുക്കാൻ കഴിയില്ല. നേരെമറിച്ച്, തന്നിൽ ശത്രു കൊല്ലപ്പെടാത്തതിനാൽ, അവൻ സഭയ്ക്ക് ഹാനി വരുത്തുന്നു.

സഭയെക്കുറിച്ചുള്ള ഒരു പുസ്തകമായ എഫെസ്യർക്ക് എഴുതിയ ലേഖനത്തിന്റെ അവസാന ഭഗത്തെ പൗലൊസിന്റെ വചനമനുസരിച്ച്, നാം ദൈവവചനം ജീവനുള്ള രീതിയിൽ സ്വീകരിക്കേണ്ടതുണ്ട്, അതായത് വചനത്തെ ആത്മാവായി സ്വീകരിക്കേണ്ടതുണ്ട്. അപ്പോൾ ആത്മാവ് കൊല്ലുന്ന വാളായി മാറും. ഈ വാൾ ആദ്യം നമ്മെ നേരിട്ട് കൊല്ലുകയും അതിനുശേഷം ആകാശത്തിലെ ഇരുട്ടിന്റെ ശക്തിയെ പരോക്ഷമായി കൊല്ലുകയും ചെയ്യുന്നു. നമ്മുടെ ശരീരത്തിലെ രോഗത്തിന് കാരണമാകുന്ന രോഗാണുക്കളിൽ ഒരു ആന്റിബയോട്ടിക്കിന്റെ ഫലവുമായി ഇത്തരത്തിലുള്ള കൊല്ലലിനെ നമുക്ക് താരതമ്യം ചെയ്യാം. നമ്മുടെ ശരീരം രക്ഷിപ്പെടണമെങ്കിൽ രോഗാണുക്കളെ ഒരു ആന്റിബയോട്ടിക് ഉപയോഗിച്ച് നശിപ്പിക്കണം. ആത്മാവെന്ന നിലയിൽ നാം ജീവനുള്ള രീതിയിൽ സ്വീകരിക്കുന്ന വചനം നമ്മുടെ ഉള്ളിലെ "അണുക്കളെ" കൊല്ലുന്ന ഒരു ആത്മിക ആന്റിബയോട്ടിക്കാണ്. രോഗാണുക്കൾ നശിക്കുമ്പോൾ, ആകാശത്തിലെ ദുഷ്ടശക്തികൾക്ക് നമ്മെ മുതലെടുക്കാൻ മാർഗമില്ല. അപ്പോൾ നമുക്ക് ആരോഗ്യകരമായ ഒരു ശരീര ജീവിതം, ആരോഗ്യകരമായ ഒരു സഭാ ജീവിതം നയിക്കാൻ കഴിയും.

ഇത്രയും വർഷങ്ങളായി സഭാജീവിതത്തിലും ശുശ്രൂഷയിലും ഞാൻ കാക്കപ്പെട്ട വഴിയാണിത്. ആത്മാവായ വചനത്തിന്റെ കൊല്ലൽ കൂടാതെ, എന്റെ ശുശ്രൂഷ അവസാനിപ്പിക്കപ്പെടുമായിരുന്നു. നമ്മുടെ അനുഭവത്തിൽ ആത്മാവ് കൊല്ലുന്ന വാളായി മാറുന്നതിന്, ദൈവവചനം ജീവനുള്ള രീതിയിൽ സ്വീകരിക്കേണ്ടതുണ്ടെന്ന് ഞാൻ ഒരിക്കൽ കൂടി ഊന്നിപ്പറയുന്നു.വചനം ആത്മാവാകുമ്പോൾ, ആത്മാവ് വാളായി, നമ്മിലെ രോഗാണുക്കളെയും ആകാശത്തിലെ ദുഷ്ടാത്മാക്കളെയും കൊല്ലുന്ന ആത്മാവിന്റെ വാളായി

മാറുന്നു. ഈ വിധത്തിൽ ശരീരവും സഭാ ജീവിതവും നമ്മുടെ ശുശ്രൂഷയും കാക്കപ്പെടുന്നു. ഇത് നമ്മുടെ ശുശ്രൂഷയ്ക്ക് ദീർഘായുസ്സ് നൽകും. എന്നിരുന്നാലും, ചില സഹോദരങ്ങളുടെ ശുശ്രൂഷ അധികനാൾ നീണ്ടുനിന്നില്ല. അവരുടെ കാര്യത്തിൽ കൊല്ലപ്പെട്ടത് അവരുടെ ശുശ്രൂഷയാണ്, ശത്രുവല്ല.

നമുക്കെല്ലാവർക്കും ദൈവവചനം ജീവനുള്ള രീതിയിൽ സ്വീകരിക്കാം! നമ്മുടെ അനുഭവത്തിൽ വചനം ആത്മാവാകുന്നിടത്തോളം, വചനം നമ്മെ സുഖപ്പെടുത്തുക മാത്രമല്ല ശത്രുവിനെ കൊല്ലുകയും ചെയ്യും.

യൗവനക്കാരെ പഠിപ്പിക്കുന്ന എല്ലാവരും അവരെ ചില ബൈബിൾ സത്യങ്ങൾ പഠിക്കുന്നതിനുള്ള വചനം സ്വീകരിക്കാൻ മാത്രമല്ല, ജീവനുള്ള ആത്മാവായി വചനം സ്വീകരിക്കാനും സഹായിക്കണം. ജീവനുള്ള ആത്മാവായി അവർ വചനം സ്വീകരിക്കുമ്പോൾ, അവരുടെ അനുഭവത്തിൽ ആത്മാവ് വാളായിത്തീരും. ഈ വിധത്തിൽ വചനം സ്വീകരിക്കുന്നതിന് വളരെയധികം പ്രാർഥന ആവശ്യമാണ്. അതുകൊണ്ടാണ് നമുക്ക് ശരിയായ പ്രാർഥനാ വായന ഉണ്ടായിരിക്കേണ്ടത്. ബൈബിൾ പ്രാർഥന-വായനയിലൂടെ, ആത്മാവെന്ന നിലയിൽ ജീവനുള്ള വിധത്തിൽ നാം വചനം സ്വീകരിക്കുന്നു.

## സത്യത്തിന്റെ പൂർണപരിജ്ഞാനം

1 തിമൊഥെയൊസ് 2:4-ൽ പൗലൊസ് നമ്മോട് പറയുന്നത് "സകല മനുഷ്യരും രക്ഷിക്കപ്പെടുവാനും സത്യത്തിന്റെ പൂർണ പരിജ്ഞാനത്തിലേക്കു വരുവാനും ദൈവം ഇച്ഛിക്കുന്നു" എന്നാണ്. ഇന്ന് മിക്ക ക്രിസ്ത്യാനികളും മറ്റുള്ളവരെ ദൈവത്തിന്റെ രക്ഷയിലേക്ക് കൊണ്ടുവരുന്നതായി മാത്രം തോന്നുന്നു;അവരെ സത്യത്തിന്റെ പൂർണ പരിജ്ഞാനത്തിലേക്ക് അവരെ കൊണ്ടുവരാൻ അവർ മുമ്പോട്ട് പോകുന്നില്ല. അവധിക്കാലത്ത് യൗവനക്കാരെ പഠിപ്പിക്കുന്നതിന്റെ ഉദ്ദേശ്യം അവരെ ദൈവത്തിന്റെ രക്ഷയിലേക്ക് മാത്രമല്ല, സത്യത്തിന്റെ പൂർണ പരിജ്ഞാനത്തിലേക്കും കൊണ്ടുവരുന്നതാണ്. ഈ വാക്യത്തിൽ സത്യം എന്നത് ഉപദേശം എന്നല്ല അർഥമാക്കുന്നത്, അത് യാഥാർഥ്യത്തെ, ദൈവവചനത്തിൽ വെളിപ്പെടുത്തിയിരിക്കുന്ന എല്ലാ യഥാർഥ കാര്യങ്ങളെ സൂചിപ്പിക്കുന്നു, അവ പ്രധാനമായും ദൈവത്തിന്റെ ദേഹരൂപമായ ക്രിസ്തുവും, ക്രിസ്തുവിന്റെ ശരീരമായ സഭയുമാണ്. രക്ഷിക്കപ്പെട്ട ഓരോ വ്യക്തിക്കും ഇവയെക്കുറിച്ച് പൂർണ പരിജ്ഞാനവും സമ്പൂർണ സാക്ഷാൽകാരവും ഉണ്ടായിരിക്കണം. നാം യുവാക്കളെ ത്രിയേക ദൈവത്തിന്റെ യാഥാർഥ്യത്തെക്കുറിച്ചുള്ള അനുഭവജ്ഞാനത്തിലേക്ക് കൊണ്ടുവരാൻ പരിശ്രമിക്കണം. ഇത് ചെയ്യുന്നതിന്, നമ്മൾ സ്വയം ഈ യാഥാർഥ്യത്തിൽ കഴിയുന്ന വ്യക്തികളായിരിക്കണം. (*The Collected Works of Witness Lee, 1984,* vol. 1, “Teachers’ Training,” pp. 427-434)